കേരള കാർഷിക സർവ്വകലാശാല

ഇൻസ്ട്രക്ഷണൽ ഫാം

കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് &ടെക്നോളജി

തവനൂർ-679 573, മലപ്പുറം (ജില്ല), കേരളം

ഇ-മെയിൽ : farm.kcaet@kau.in, ഫോൺ:0494-2686215

നമ്പർ: ഐ.എഫ്-485/25 തീയതി:04-12-2025

## ലേലം/ക്വട്ടേഷൻ നോട്ടീസ്

ഈകേന്ദ്രത്തിലെ ഡയറിയൂണിറ്റിലെ നാല് പശുക്കളെ ഇൻസ്ട്രക്ഷണൽഫാം പരിസരത്തുവച്ച് പരസ്യമായിലേലം /കൊട്ടേഷൻ നടപടിയിലൂടെ വിൽക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു .

| ക്രമനം. | നമ്പർ | ജനനതിയതി (പ്രായം ) | നിറം | ശരീരഭാരം |
|---|---|---|---|---|
| 1 | 356 | 5.2.2011 (14 വയസ്സിൽകൂടുതൽ) | വെള്ളയും, കറുപ്പും ഇടകലർന്ന നിറം | 497 കി. ഗ്രാം. |
| 2 | 357 | 25.9.2011 (14 വയസ്സിൽകൂടുതൽ) | കറുപ്പ് | 430 കി. ഗ്രാം. |
| 3 | 361 | 18.3.2012 (13 വയസ്സിൽകൂടുതൽ) | ഇളം ചുവപ്പ് | 438 കി. ഗ്രാം. |
| 4 | 363 | 13.5.2013 (12 വയസ്സിൽകൂടുതൽ ) | ചാരകളർ | 408 കി. ഗ്രാം. |

### വ്യവസ്ഥകളുംനിബന്ധനകളും

1. ലേലത്തിനായി പേര് രജിസ്റ്റർചെയ്യുന്നതിനും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുള്ള അവസാനസമയം 24-12-2025-ന് രാവിലെ 11.20 മണിവരെയാണ്.
2. ക്വട്ടേഷൻ സമർപ്പിക്കുന്നവരും/ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത്/ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരതദ്രവ്യമായി 5000/- രൂപ വീതം കെട്ടിവെക്കേണ്ടതാണ്.അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല/ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. 24-12-2025 രാവിലെ 11.30 –നു പരസ്യലേലംനടക്കുന്നതാണ്. ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരസ്യലേലത്തിനുശേഷം തുറക്കുന്നതായിരിക്കും.
4. വെള്ളകടലാസ്സിൽ പൂർണമേൽവിലാസമെഴുതി ഒപ്പിട്ടുവേണം ക്വട്ടേഷൻതയ്യാറാക്കാൻ. 1 കിലോഗ്രാം പശുവിന്റെ തൂക്കത്തിന് നൽകുവാൻ തയ്യാറുള്ള ഏറ്റവുംകൂടിയതുകയാണ് ക്വട്ടേഷനിൽരേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻകവറിൽ അടക്കംചെയ്ത് ഒട്ടിച്ചശേഷം' പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ' എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് ' പശുവിന്റെ- വില്പ്പനക്കുള്ള ക്വട്ടേഷൻ' എന്ന് വ്യക്തമായി എഴുതി പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി., തവനൂർ എന്ന വിലാസമെഴുതിയ മുദ്രവച്ചകവറിൽ നൽകേണ്ടതാണ്.
5. പരസ്യലേലത്തിലും, ക്വട്ടേഷനിലും വാഗ്ദാനംചെയ്തതുകകകൾ താരതമ്യംചെയ്ത് ലഭിക്കുന്ന കൂടിയതുക നിലവിലുള്ള കമ്പോളനിരക്കുമായി താരതമ്യംചെയിത് ന്യായമാണെന്ന് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതായിരിക്കും.

6. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടാത്തവരുടെ നിരതദ്രവ്യം ലേലം/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് ശേഷം തിരികെനൽകുന്നതാണ്. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവരുടെ നിരതദ്രവ്യം സുരക്ഷിതനിക്ഷേപമായിമാറ്റുന്നതും, ലേലം ചെയ്തപശുക്കളെ കൊണ്ടുപോയതിനുശേഷം രസീതി ഹാജരാക്കുന്നമുറക്ക് സർവകലാശാല വസ്തുവകകൾക്ക് ലേലക്കാർ നാശനഷ്ടങ്ങൾ വരുത്തിയിട്ടില്ല എന്ന്ഫാംസൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെഅടിസ്ഥാനത്തിൽ തിരികെ നൽകുന്നതുമാണ്.
7. ലേലം/ക്വട്ടേഷൻഉറപ്പിച്ച്കിട്ടിയവർ ലേലത്തുകഅന്നുതന്നെ അടക്കേണ്ടതും ലേലവസ്തുക്കളെ കൊണ്ടുപോകേണ്ടതുമാണ് .
8. ലേലം/ക്വട്ടേഷനുമായിബന്ധപ്പെട്ട് സർവകലാശാലവസ്തുവകകൾക്ക് നാശനഷ്ട്ടങ്ങൾ ഉണ്ടാകുന്നപക്ഷം ലേലക്കാരൻ ആയതിന് നേരിട്ട് ഉത്തരവാദിആയിരിക്കും.
9. ക്വട്ടേഷൻസംബന്ധിച്ച പ്രൊഫെസർആൻഡ്ഹെഡിന്റെ തീരുമാനംഅന്തിമമായിരിക്കും. കാരണമറിയിക്കാതെ ലേലം/ ക്വട്ടേഷൻനടപടികൾ നിർത്തിവെക്കുന്നതിനോ, റദ്ദു ചെയ്യുന്നതിനോ പ്രൊഫസർ ആൻഡ് ഹെഡിന് അധികാരം ഉണ്ടായിരിക്കും.
10. സർക്കാർ ലേലം/ക്വട്ടേഷൻ നടപടികളുമായിബന്ധപ്പെട്ട എല്ലാനിബന്ധനകളും ഈലേലം/ക്വട്ടേഷൻ നടപടിയിലും ബാധകമായിരിക്കും.

**ഡോ. അബ്ദുൽ ജബ്ബാർ പി .കെ**
**പ്രൊഫസർആന്റ്ഹെഡ്**

Professor and Head
Instructional Farm
Kelappaji College of Agricultural Engineering and Technology
Kerala Agricultural University
Tavanur, Malappuram - 679 573

**സ്വീകർത്താവ് :-**

1. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
2. നോട്ടീസ് ബോർഡ് (മെയിൻ ഗേറ്റ്)
3. നോട്ടീസ് ബോർഡ് (കാന്റീൻ)

**പകർപ്പ്:-**

1. ഫാം സൂപ്രണ്ട്
2. ഫാംസൂപ്പർവൈസർ (ഡയറി )
3. കെ.എ.യു/കെ.സി.എ.ഇ.ടി വെബ്സൈറ്റ്
4. എ.ഡി.എ. ഓഫീസ്, എടപ്പാൾ &പെരുംപടപ്പ്
5. കരുതൽശേഖരം